**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4887** **20-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ മേഖലയിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ടി. വി. ഇബ്രാഹിം , ശ്രീ . പി . ഉബൈദുള്ള , ശ്രീ. യു.എ.ലത്തീഫ്, ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | അപേക്ഷകളിലും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലും, ഡിസ്ട്രിക്ട് എഡ്യൂക്കേഷണൽ ഓഫീസ്, അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസ് എന്നിവിടങ്ങളിലും വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | **കണ്ടെത്തിയിട്ടില്ല.** |
| (ബി) | സർവ്വീസ് സംബന്ധമായ അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (സി) | എയ്ഡഡ് സ്കൂൾ ഉദ്യോഗസ്ഥരുടെ വിവിധ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കൈക്കൂലി ആവശ്യപ്പെടുന്നതായി പരാതി ഉണ്ടായിട്ടുണ്ടോ; | (സി) | **ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |
| (ഡി) | ഫയലുകൾ തീർപ്പാക്കുന്നതിൽ അനാവശ്യ കാലതാമസം വരുത്തുന്നവർക്കെതിരെ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | 1960-ലെ കേരള സിവിൽ സർവീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരവും കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III പ്രകാരവുമാണ് അച്ചടക്ക നടപടികൾ സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ